(സി) അടുത്ത 12 വർഷം കൊണ്ട് പൂർത്തിയാക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) 26-7-1995-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 2790/95/ആർ.ഡി. ഉത്തരവ് പ്രകാരം റീ സർവ്വെ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിൽ ആ തീയതി മുതൽ ഏകമാസ സർവ്വേ അദാലത്തുകൾ നടത്തി വരുന്നുണ്ട്. പ്രസ്തുത അദാലത്തുകൾ പൂർത്തിയാക്കിയ വില്ലേജുകളിൽ 3-1-2005-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 16/05/ആർ.ഡി. ഉത്തരവ് പ്രകാരം തുടർന്നുവരുന്ന പരാതികൾ തീർപ്പാക്കുവാൻ ബന്ധപ്പെട്ട ജില്ലാ സർവേ സൂപ്രണ്ടുമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ അദാലത്തിലെ പരാതികൾ

104 [1043] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 ജനുവരിയിൽ സർക്കാർ സംഘടിപ്പിച്ച റവന്യൂ അദാലത്തിൽ എത്തെല്ലാം വിധത്തിലുള്ള പരാതികളാണ് പരിഗണനയ്ക്കുവന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ഇനത്തിലുമായി തിരുവനന്തപുരം ജില്ലയിൽ ആകെ ലഭിച്ച പരാതികളുടെ വിവരം താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ ലഭ്യമായ പരാതികളിൽ എത്രയെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) റവന്യൂ അദാലത്ത് സംഘടിപ്പിക്കുന്നതിൽ ഓരോ വില്ലേജ് ആഫീസുകൾക്കും ശരാശരി എത്ര രൂപ ചെലവായിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇതിനാവശ്യമായ തുക സർക്കാർ അനുവദിച്ചിരുന്നോ ?

ഉത്തരം

(എ) 1. പോക്കുവരവ്.
2. പട്ടയം.
3. കൈവശ ഭൂമിയും റവന്യൂ രേഖകളും തമ്മിലുള്ള വ്യത്യാസം.
4. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി.
5. പ്രകൃതിക്ഷോഭ നിധി.
6. വിവിധ സർട്ടിഫിക്കറ്റുകൾ (ജാതി-മത-ക്രീമിലെയർ, വരുമാനം മുതലായവ)
7. റീഹാബിലിറ്റേഷൻ ഹൗസിംഗ് പദ്ധതി പ്രകാരം എഴുതിത്തള്ളുക.
8. ഡെസ്റ്റിറ്റ്യൂട്ട് പെൻഷനുകൾ.
9. കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകൽ.
10. ജനന മരണ രജിസ്ട്രേഷനുകൾക്കുണ്ടായ കാലതാമസം ഇളവ് ചെയ്തുകൊണ്ട് സർട്ടിഫിക്കറ്റ് നൽകൽ.

GPM. 2/153/2013—18

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ ഇനത്തിലുമായി തിരുവനന്തപുരം ജില്ലയിൽ ആകെ ലഭിച്ച പരാതികളുടെ വിവരം താലൂക്ക് തിരിച്ച് താഴെ കൊടുത്തിരിക്കുന്നു :

1. തിരുവനന്തപുരം - 3404
2. നെയ്യാറ്റിൻകര - 4255
3. നെടുമങ്ങാട് - 5072
4. ചിറയിൻകീഴ് - 3544

(സി)

	അപേക്ഷയുടെ ഇനം	ലഭിച്ച അപേക്ഷകളുടെ എണ്ണം	തീർപ്പാക്കിയവയുടെ എണ്ണം
1.	പോക്കുവരവ്	4776	4325
2.	പട്ടയം	1216	383
3.	കൈവശ ഭൂമിയും റവന്യൂ രേഖകളും തമ്മിലുള്ള വ്യത്യാസം പരിഹരിക്കൽ	2140	379
4.	മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി	1320	506
5.	പ്രകൃതിക്ഷോഭ നിധി	1368	837
6.	വിവിധ സർട്ടിഫിക്കറ്റുകൾ	4474	4104
7.	പുനരധിവാസ ഭവന പദ്ധതി	215	66
8.	ഡെസ്റ്റിറ്റ്യൂട്ട് പെൻഷനുകൾ	203	8
9.	കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകൽ	248	157
10.	ജനന മരണ രജിസ്ട്രേഷനുകൾക്കുണ്ടായ കാലതാമസം ഇളവ് ചെയ്ത് സർട്ടിഫിക്കറ്റ് നൽകൽ.	33	5

(ഡി) നെയ്യാറ്റിൻകര താലൂക്കിൽ അദാലത്ത് ദിവസത്തെ ചെലവുകൾ സന്നദ്ധ സംഘടനകളുടെ സഹായത്താൽ നടത്തുകയുണ്ടായി. മറ്റ് താലൂക്കുകളിൽ ശരാശരി 5000 രൂപ ചെലവായിട്ടുണ്ട്. സർക്കാർ തുകയൊന്നും അനുവദിച്ചിരുന്നില്ല.

റവന്യൂ അദാലത്ത് വഴി പട്ടയം

105 [1044] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈയിടെ നടന്ന റവന്യൂ അദാലത്ത് വഴി എത്ര പേർക്കാണ് പട്ടയം നൽകിയത് ; എത്ര ഹെക്ടർ ഭൂമിക്ക് പട്ടയം നൽകി ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly